# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 798</u> — <u>11.03.2015- ൽ മറുപടി.</u>

## പുതുതായി ആരംഭിക്കുന്ന മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീമതി.കെ.കെ.ലതിക<br>ഡോ.കെ.ടി.ജലീൽ | ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പുതുതായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന വയനാട്, തിരുവനന്തപുരം, ഹരിപ്പാട്, മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; | (എ) തിരുവനന്തപുരം ജനറൽ ആശുപത്രിയും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും സംയോജിപ്പിച്ച് കൊണ്ടാണ് തിരുവനന്തപുരത്ത് പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ ആശുപത്രിയ്ക്ക് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ ഉടനടി നടത്തേണ്ടതില്ല. ഹരിപ്പാട് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി എൻ.റ്റി.പി.സിയിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് നബാർഡ് സഹായത്തോടു കൂടി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. വയനാട് ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രിയുടെയും കോളേജിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതോടുകൂടി ഈ വർഷം തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

| | |
|---|---|
| (ബി) പ്രസ്തുത മെഡിക്കൽ കോളേജുകൾക്കായി അനുവദിച്ച തുകയും അത് വിനിയോഗിച്ചതിന്റെ വിശദാംശവും അറിയിക്കാമോ; | (ബി) ഹരിപ്പാട്, വയനാട് മെഡിക്കൽ കോളേജുകൾക്കു വേണ്ടി തുക അനുവദിച്ചു തുടങ്ങിയിട്ടില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിനു വേണ്ടി 28 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) ഇവ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) തിരുവനന്തപുരത്ത്പുതുതായി ആരംഭിക്കുന്ന മെഡിക്കൽ കോളേജിൽ 2015-16 അദ്ധ്യയന വർഷത്തിൽ 100 എം.ബി.ബി.എസ്സ് അഡ്മിഷൻ നടത്തുവാനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. ഹരിപ്പാട്, വയനാട് മെഡിക്കൽ കോളേജുകൾ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് അദ്ധ്യയനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ